# ആദ്യ ഫലങ്ങൾ

സാക് പുന്നൻ

WFTW 01 നവംബർ 2015

വെളിപ്പാട് 14:4ൽ ഇങ്ങനെ എഴുതിയിരിക്കുന്നു. 'അവർ ബ്രഹ്മചാരികളാകയാൽ സ്ത്രീകളോടുകൂടെ മാലിന്യപ്പെടാത്തവർ. കുഞ്ഞാടു പോകുന്നിടത്തൊക്കെയും അവർ അവനെ അനുഗമിക്കുന്നു; അവരെ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി മനുഷ്യരുടെ ഇടയിൽ നിന്നു വിലയ്ക്കു വാങ്ങിയിരിക്കുന്നു.'

ഇതു പരാമർശിക്കുന്നത് കന്യകാത്വമോ ശാരീരികമായ വേശ്യാവൃത്തിയോ അല്ല. ഇവിടെ പരമാർശിച്ചിരിക്കുന്ന സ്ത്രീകളെപ്പറ്റി പിന്നീട് വെളിപ്പാട് 17:5ൽ പറഞ്ഞിരിക്കുന്നു. മഹതിയാം ബാബിലോൺ, വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവും അവളുടെ വേശ്യമാരായ പുത്രിമാരും. ഈ വചനം പറയുന്നത്, ഈ 1,44,000 പേർ ആത്മീയ വേശ്യാവൃത്തി ചെയ്തില്ല എന്നാണ്. ജഡത്തോടും ലോകത്തോടും ആത്മീയ വ്യഭിചാരം ചെയ്തു മാലിന്യപ്പെടാതെ അവർ അവരെത്തന്നെ ക്രിസ്തുവിനുവേണ്ടി കന്യകമാരായി നിർമ്മലതയിൽ സൂക്ഷിച്ചു. ആത്മീയ വ്യഭിചാരത്തെ യാക്കോബ് 4:4ൽ വിവരിച്ചിരിക്കുന്നു. 'വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ഇവർ പ്രലോഭനത്തിൻറെ നിമിഷങ്ങളിൽ വിശ്വസ്തരായിരുന്നവരാണ്. തങ്ങളെത്തന്നെ ലോകമയത്വത്തിൽ നിന്നു സൂക്ഷിച്ചവരാണ്. കുഞ്ഞാടു പോയ ഇടത്തൊക്കെയും അവർ അവനെ അനുഗമിച്ചു. മറ്റു വാക്കുകളിൽ പറഞ്ഞാൽ നാൾതോറും അവർ തങ്ങളുടെ ക്രൂശെടുത്തു കാരണം അങ്ങനെയാണ് കുഞ്ഞാട് ഈ ഭൂമിയിൽ നടന്നത്.

ഇവിടെ കാണുന്ന മറ്റൊരു വാക്യം ശ്രദ്ധിക്കാം. 'അവരെ മനുഷ്യരുടെ ഇടയിൽ നിന്നു വിലയ്ക്കു വാങ്ങിയിരിക്കുന്നു.' വെളിപ്പാട് 14:3ൽ നാം കാണുന്നത് അവർ ഭൂമിയിൽ നിന്നു സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നു എന്നാണ്. അവർ 'ഭൂവാസികൾക്ക്' വിപരീതമായിട്ടുള്ളവരാണ് അവർ ഭൂമിയിൽ നിന്ന് സ്വതന്ത്രരാക്കപ്പെട്ടിട്ടുള്ളവരാണ്. അവർ ഈ ഭൂമിയിലെ കാര്യങ്ങളാൽ പിടിക്കപ്പെട്ടവരല്ല. ക്രിസ്തു പിതാവിൻറെ വലത്തു ഭാഗത്തിരിക്കുന്ന ഇടമായ ഉയരത്തിലുള്ള കാര്യങ്ങളിലാണ് അവർ മനസ്സു വച്ചിരിക്കുന്നത്. 'ഈ ഭൂമിയിൽ എന്നാൽ കഴിയുന്നിടത്തോളം പണം ഉണ്ടാക്കുകയും അതിനുശേഷം ഞാൻ മരിക്കുമ്പോൾ സ്വർഗ്ഗത്തിൽ പോകാൻ കഴിയുകയും ചെയ്യുന്നതെങ്ങനെയാണ്? എനിക്ക് എത്രയും സുഖ സൗകര്യങ്ങളുള്ള ഒരു ജീവിതം ജീവിച്ചിട്ട് ഞാൻ മരിക്കുമ്പോൾ സ്വർഗ്ഗത്തിൽ പോകാൻ കഴിയുന്നത് എങ്ങനെയാണ്? എന്നല്ല അവർ ചിന്തിച്ചുകൊണ്ടിരിക്കുന്നത്. 'ഭൂവാസികൾ' ആണ് അങ്ങനെ ചിന്തിക്കുന്നത്. എന്നാൽ ഈ ആളുകൾ ചിന്തിച്ചുകൊണ്ടിരിക്കുന്നത് ഇപ്രകാരമാണ്: 'എൻറെ ഈ ഒരു ഭൗമിക ജീവിതത്തിൽ എനിക്കു ദൈവത്തിൻറെ എല്ലാ ഇഷ്ടങ്ങളും ചെയ്യാൻ കഴിയുന്നത് എങ്ങനെയാണ്? എനിക്കു വേണ്ടി കാൽവറിയിൽ മരിച്ചതിനായി കർത്താവിനോട് ഞാൻ എങ്ങനെയാണ് എൻറെ നന്ദി കാണിക്കേണ്ടത്? ഈ നാളുകളിൽ തങ്ങളെത്തന്നെ 'വിശ്വാസികൾ' എന്നു വിളിക്കുന്ന ഒത്തു തീർപ്പുകാരായ, അർദ്ധഹൃദയമുള്ള, വഴുവഴുപ്പുകാരായ, ലൗകീകരായ ആളുകളല്ല ഇവർ. ഇവർ ആകപ്പാടെ വ്യത്യസ്തമായ വിഭാഗത്തിൽപ്പെടുന്നവരാണ്. അവർ ഭൂമിയിൽ നിന്നു വീണ്ടെടുക്കപ്പെട്ടവരാണ് (സ്വതന്ത്രരാക്കപ്പെട്ടവരാണ്). ഭൂമിയിലെ സുഖസൗകര്യങ്ങളിലോ, സമ്പത്തിലോ, മാനത്തിലോ അല്ല അവർ അവരുടെ മനസ്സു വച്ചിരിക്കുന്നത്. ഇപ്പോൾ നാം കാണുന്നത് അവർ മനുഷ്യരിൽ നിന്നുകൂടെ സ്വതന്ത്രരാണ് എന്നാണ് മനുഷ്യരുടെ അഭിപ്രായങ്ങളിൽ നിന്ന്. അതിൻറെ ഫലമായി അവർ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലങ്ങളായി തീർന്നു.

ആദ്യഫലങ്ങൾ എന്നത് ഒരു മരത്തിൽ ആദ്യം പാകമാകുന്ന ഫലങ്ങളാണ്. ഇവർ പരുശുദ്ധാത്മാവിനോട് ശരിയായി വിധത്തിൽ പ്രതികരിച്ചു തങ്ങളുടെ ഭൗമിക ജീവിതകാലത്തു പഴുത്തു പാകമായി തീർന്നു. അവർ തങ്ങളുടെ ജീവിതങ്ങളെ പാഴാക്കിക്കളഞ്ഞില്ല. ക്രൂശെടുക്കുവാൻ ദൈവം അവർക്കു നൽകിയ അവസരങ്ങളൊന്നും അവർ പാഴാക്കിയില്ല. കുഞ്ഞാടിനെ അനുഗമിക്കാനുള്ള അവസരമൊന്നും അവർ പാഴാക്കിയില്ല. അവർ തങ്ങളുടെ സ്വയത്തിനു മരിച്ചു യേശുവിനെ അനുഗമിക്കുവാനും പരിശുദ്ധാത്മാവിൻറെ നടത്തിപ്പ് അനുസരിക്കുവാനും അവരുടെ ജീവിതത്തിൽ ലഭിച്ച എല്ലാ അവസരങ്ങളും അവർ ഏറ്റെടുത്തു. അതിൻറെ ഫലമോ, അവർ വേഗത്തിൽ പുഴുത്തു പാകമായി. അവരാണ് ആദ്യഫലങ്ങൾ.

യാക്കോബ് 1:18 പറയുന്നത് ദൈവം 'നാം അവിടുത്തെ സൃഷ്ടികളിൽ ഒരുവിധം ആദ്യഫലമാകേണ്ടതിന് അവിടുന്നു തൻറെ ഇഷ്ടത്താൽ സത്യവചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു' എന്നാണ്.

എല്ലാവരും പ്രതികരിക്കുന്നത് ശരിയായ വിധത്തിലല്ല. എന്നാൽ ശരിയായ വിധത്തിൽ പ്രതികരിച്ച് ആദ്യഫലങ്ങളായി തീരുന്ന വളരെക്കുറച്ചു പേർ ഉണ്ടായിരിക്കാം. 1,44,000 എന്ന സംഖ്യ അക്ഷരാർത്ഥത്തിലല്ല. അത് ഒരു ചെറിയ എണ്ണം ആളുകൾ എന്നതിൻറെ പ്രതീകമാണ്. ജീവനിലേക്കുള്ള വഴി ഇടുങ്ങിയതാണെന്നും അതു കണ്ടെത്തുന്നവർ ചുരുക്കമാണെന്നും യേശു പറഞ്ഞു.

ദൈവത്തിൻറെ സന്നിധിയിൽ കുഞ്ഞാടിൻറെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ച, 'ആർക്കും എണ്ണുവാൻ കഴിയാത്ത വലിയൊരു പുരുഷാരം അവിടെ ഉണ്ടായിരിക്കും. അതു നാം കാണുന്നത് വെളിപ്പാട് 7ൽ ആണ്. അവരിൽ അധികംപേരും എല്ലാ മതങ്ങളിൽ നിന്നുമുള്ള ശിശുക്കളായിരിക്കും. അവർ കാര്യങ്ങൾ ഗ്രഹിക്കുന്നതിനുള്ള പ്രായമാകുന്നതിനു മുമ്പേ മരിച്ചവരാണ്. ഇരുപതാം നൂറ്റാണ്ടിൽ ഗർഭഛിദ്രം നടത്തപ്പെട്ട ലക്ഷക്കണക്കിന് അകാല പ്രജകൾ അതിലുണ്ടായിരിക്കും. ക്രിസ്തുവിൻറെ നീതി അവരുടെ കണക്കിൽപ്പെടുത്തിയതിനാൽ അവരും സ്വർഗ്ഗത്തിലുണ്ട്. എന്നാൽ അവർക്ക് ഒരിക്കലും ജയാളികൾ ആകാനുള്ള അവസരം ലഭിച്ചിട്ടില്ല. എന്നാൽ ബോധപൂർവ്വം, ജീവനിലേക്കുള്ള ഇടുങ്ങിയ പാത തിരഞ്ഞെടുക്കുന്നവർ എണ്ണുവാൻ കഴിയുന്ന ഒരു കൂട്ടമാണ്. അവർ വളരെ കുറവാണ്. അവർ മത്തായി 5,6,7 എന്നീ വേദഭാഗങ്ങൾ ഗൗരവത്തോടെ എടുത്തിട്ടുള്ളവരും ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലങ്ങളായി തീർന്നവരും ആണ്.